**പതിനാലാം കേരള നിയമസഭ**
**ഏഴാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2848** **18.08.2017-ലെ മറുപടിക്ക്**

**'കയ്യൂർ-ചീമേനി പഞ്ചായത്തിലെ പട്ടയപ്രശ്നങ്ങൾ'**

**ചോദ്യം**
**ശ്രീ. എം.രാജഗോപാലൻ**

**മറുപടി**
**ശ്രീ.ഇ.ചന്ദ്രശേഖരൻ**
**(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | തൃക്കരിപ്പൂർ മണ്ഡലത്തിലെ കയ്യൂർ-ചീമേനി പഞ്ചായത്തിൽപ്പെട്ട വിവിധ വില്ലേജുകളിലെ പട്ടയപ്രശ്നങ്ങൾ പരിഹരിക്കാൻ നടപടികളുണ്ടാകുമോ; | (എ) | ഇക്കാര്യത്തിൽ നടപടികൾ ത്വരിതഗതിയിൽ സ്വീകരിച്ചുവരുന്നു. |
| (ബി) | തിമിരി, ചീമേനി വില്ലേജുകളിലെ കൈവശക്കാർക്ക് പട്ടയം നൽകുവാനുള്ള നടപടി ഇപ്പോൾ ഏതു ഘട്ടത്തിലാണെന്നും ഇവിടങ്ങളിൽ അവശേഷിക്കുന്നവർക്ക് കൂടി എന്ന് പട്ടയം നൽകാൻ കഴിയുമെന്നും വ്യക്തമാക്കാമോ? | (ബി) | തിമിരി വില്ലേജിൽ റീ സർവ്വെ 59/1-ൽപ്പെട്ട മിച്ചഭൂമിയുടെ അകാല കൈമാറ്റം സാധൂകരിക്കുന്നത് സംബന്ധിച്ച് മുമ്പ് ലഭിച്ച 75 അപേക്ഷകൾ ഉൾപ്പെടെ ആകെ 132 കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഓരോ കേസിനും പ്രത്യേകം പ്രൊപ്പോസലുകൾ സമർപ്പിക്കുന്നതിന് നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ തിമിരി വില്ലേജ് ആഫീസർ തയ്യാറാക്കി വരുന്നുണ്ട്.<br>17/05/2010-ലെ സ.ഉ.175/2010 റവന്യൂ പ്രകാരം ചീമേനി വില്ലേജിലെ മിച്ചഭൂമി കൈവശക്കാരിൽ നേരത്തെ ലാൻഡ് ട്രിബ്യൂണൽ പട്ടയം ഉള്ള 92 പേരിൽ നിന്നും നികുതി സ്വീകരിക്കുന്നതിന് ഉത്തരവായതു പ്രകാരം ഭൂനികുതി സ്വീകരിച്ചു വരുന്നുണ്ട്. മേൽ ഉത്തരവു പ്രകാരം 11 പേർക്ക് പട്ടയം (പതിവുപ്രമാണം) നൽകിയിട്ടുണ്ട്. കൂടാതെ 59 പേർക്ക് ലാൻഡ് ട്രിബ്യൂണൽ പട്ടയവും നൽകിയിട്ടുണ്ട്. ടി ഉത്തരവു പ്രകാരം 119 പേർക്ക് കൂടി കൈവശഭൂമിയ്ക്ക് പട്ടയം അനുവദിക്കാനുണ്ട്. ഇവയിൽ അധികവും മാർക്കറ്റ് വിലയ്ക്ക് ഭൂമി പതിച്ച് നൽകുവാനുള്ളതാണ്.<br>28/01/2016-ലെ സർക്കാർ ഉത്തരവ് 62/2016/റവന്യൂ നമ്പർ പ്രകാരം ചീമേനി വില്ലേജിൽ മിച്ചഭൂമി കൈവശം വച്ചുവരുന്ന 116 പേരിൽ നിന്നുകൂടി ഭൂനികുതി സ്വീകരിക്കുന്നതിനും /പട്ടയം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് ഉത്തരവായിരുന്നു. അതിൽ നേരത്തെതന്നെ ലാൻഡ് ട്രിബ്യൂണൽ പട്ടയം ഉള്ള 25 പേരിൽ നിന്നും വില്ലേജാഫീസർ നികുതി സ്വീകരിച്ചിട്ടുണ്ട്. ബാക്കി 91 പേരിൽ, 'സി' കാറ്റഗറിയിൽപ്പെടുന്ന 38 പേർക്ക് |

| | | | |
|---|---|---|---|
| | | | 13/05/2017-ലെ പട്ടയ മേളയിൽ പട്ടയം അനുവദിച്ചിട്ടുണ്ട്. അവശേഷിക്കുന്ന 53 കേസുകളിൽ ലാൻഡ് ട്രിബ്യൂണൽ മുഖാന്തിരം പട്ടയം അനുവദിക്കേണ്ട 18 കേസിൽ 14 എണ്ണത്തിന് എസ്.എം പ്രൊപ്പോസലുകൾ വില്ലേജാഫീസർ തയ്യാറാക്കി സ്പെഷ്യൽ തഹസിൽദാർ (എൽ.ആർ) കാസർഗോഡിന് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിൽ 'ഡി' വിഭാഗത്തിൽ പെടുന്നവരുടെ കാര്യത്തിൽ നടപടി സ്വീകരിക്കുന്നതിന് സ്ഥലത്തിന്റെ കമ്പോള വില, സർവ്വെ ചെയ്ത കൈവശങ്ങളുടെ സ്കെച്ച് തുടങ്ങിയവ അടങ്ങിയ വിശദമായ പ്രൊപ്പോസൽ ഹോസ്ദുർഗ്ഗ് തഹസിൽദാർ തയ്യാറാക്കി വരുന്നു. |

**സെക്ഷൻ ഓഫീസർ**